കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ: B2/101/2025-SEC-Part(1) തീയതി: **07-10-2025**

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

1) എല്ലാ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻമാർക്കും & ജില്ലാ കളക്ടർമാർക്കും
2) എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും & സെക്രട്ടറിമാർക്കും (ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മുഖാന്തിരം)

സർ,

വിഷയം:- സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പ്, 2025 - വോട്ടർ പട്ടിക പുതുക്കൽ - വോട്ടർമാരെ പുതിയ വാർഡുകളിൽ ക്രമീകരിച്ചതിൽ തിരുത്തൽ വരുത്തുന്നത് (Bulk Transposition) - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:- 1. കമ്മീഷന്റെ 26.07.2025-ലെ B2/101/2025-SEC-Part(1) കത്ത്
2. കമ്മീഷന്റെ 27.09.2025-ലെ B2/101/2025-SEC ഉത്തരവ്

2025-ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തെരഞ്ഞെടുപ്പിൽ വോട്ടർപട്ടിക പുതുക്കലുമായി ബന്ധപ്പെട്ട് വോട്ടർമാരെ പുതിയ വാർഡുകളിലേക്ക് ക്രമീകരിക്കുന്നതിനും പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കുന്നതിനും, സൂചന (1) പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ Bulk Transposition നടത്തിയതിൽ അപാകത/തെറ്റ് സംഭവിച്ചിട്ടുണ്ടെന്നും തന്മൂലം സൂചന (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചപ്പോൾ വോട്ടർമാർ തെറ്റായ വാർഡിൽ ഉൾപ്പെട്ടിട്ടുള്ളതായാണ് കാണുന്നതെന്നും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ഡീലിമിറ്റേഷൻ കമ്മീഷൻ ഉത്തരവ് പ്രകാരമുള്ള വാർഡ് അതിർത്തിക്കുള്ളിൽ വരേണ്ട വോട്ടർമാരെ മറ്റേതെങ്കിലും വാർഡിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരം ഉള്ള വോട്ടർമാരുടെ ഒരു ലിസ്റ്റ് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തയ്യാറാക്കി 7 ദിവസത്തെ നോട്ടീസ് സഹിതം, ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും, അവ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ലഭിക്കുന്നുണ്ടെങ്കിൽ അവ കൂടി പരിശോധിച്ച ശേഷം മാത്രം transposition-ലൂടെ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതുമാണെന്ന നിർദ്ദേശം നൽകുന്നു. അതത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് Bulk Transposition വഴി വോട്ടർമാരെ ക്രമീകരിക്കുന്നതിനുള്ള ക്രമീകരണം ERMS-ൽ ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നതോടൊപ്പം പ്രസ്തുത പ്രവൃത്തി 17.10.2025

തീയതിയ്ക്കു മുൻപായി പൂർത്തിയാക്കേണ്ടതാണെന്ന നിർദ്ദേശവും നൽകുന്നു. Bulk Transposition ചെയ്യുന്നത് സംബന്ധിച്ച വീഡിയോ *https://drive.google.com/drive/folders/1eLdcXa21NPAm8etDY9J6hd4uMOKvdXcP* എന്ന ലിങ്കിൽ ലഭ്യമാണ്.

**ഈ ആവശ്യത്തിലേയ്ക്കായി ഇനിയൊരവസരം നൽകുന്നതല്ല.ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തുന്ന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കെതിരെ ബന്ധപ്പെട്ട തെരഞ്ഞെടുപ്പ് ചട്ടങ്ങൾ അനുസരിച്ചുള്ള നടപടി സ്വീകരിയ്ക്കുന്നതാണ്.**

ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും ജില്ലാ ജോയിന്റ് ഡയറക്ടർമാരും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ പ്രത്യേകയോഗം വിളിച്ചുചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 07-10-2025 15:12:28

PRAKASH.B.S
SECRETARY

പകർപ്പ്:

1. തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ
2. കമ്മീഷണറുടെ പി.എസ്.

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in